# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE: 21.06.2025**

### പ്രധാനവാർത്തകൾ

1. **ആധുനിക ഗവേഷണത്തിലൂടെ ഇന്ത്യ യോഗയെ കൂടുതൽ ശക്തിപ്പെടുത്തുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**

2. **അന്താരാഷ്ട്ര യോഗ ദിനം വിപുലമായി ആചരിച്ച് സംസ്ഥാനം; കേരളത്തെ സമ്പൂർണ യോഗ സംസ്ഥാനമായി മാറ്റുകയാണ് ലക്ഷ്യമെന്ന് മന്ത്രി വീണാ ജോർജ്.**

3. **പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ രാജ്യത്തിന് മാതൃകയെന്ന് മന്ത്രി ജി ആർ അനിൽ ; വിദ്യാർഥികൾ ജനാധിപത്യത്തെ അറിഞ്ഞു വളരണമെന്ന് മന്ത്രി വി ശിവൻകുട്ടി.**

4. **പരമ്പരാഗത കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനത്താകെ നടപ്പാക്കുന്ന ഞാറ്റുവേല ചന്തയും കർഷകസഭകളും പദ്ധതിക്ക് നാളെ തുടക്കമാകും.**

5. **സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**

6. **ഇംഗ്ലണ്ടിനെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ കൂറ്റൻ സ്കോറിലേക്ക്.**

&&&&&&&&&&&&&&&&&&&&&&

RNU TVM

## ഹെഡ് ലൈൻ - 1

### യോഗ-ദേശീയം

11-ാമത് അന്താരാഷ്ട്ര യോഗ ദിനം വിപുലമായി ആഘോഷിച്ച് രാജ്യം. വിശാഖപട്ടണത്ത് മൂന്ന് ലക്ഷത്തോളം പേർ പങ്കെടുത്ത യോഗാഭ്യാസ പരിപാടിക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നേതൃത്വം നൽകി. ലോകം സമ്മർദ്ദത്തിലൂടെ കടന്നുപോകുന്ന സാഹചര്യത്തിൽ യോഗ സമാധാനത്തിലേക്കുള്ള ദിശാബോധം നൽകുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യ ആധുനിക ഗവേഷണത്തിലൂടെ യോഗയുടെ ശാസ്ത്രത്തെ കൂടുതൽ ശക്തിപ്പെടുത്തുകയാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ഡെറാഡൂണിൽ യോഗ ദിന പരിപാടിയെ രാഷ്ട്രപതി ദ്രൗപദി മുർമു അഭിസംബോധന ചെയ്തു. എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും യോഗാഭ്യാസ പരിപാടികൾ സംഘടിപ്പിച്ചു.

&&&&&&&&&&&&&&&&&&

RNU TVPM

## ഹെഡ് ലൈൻ - 2

### യോഗ-കേരളം

സംസ്ഥാനത്ത് എല്ലാ ജില്ലകളിലും അന്താരാഷ്ട്ര യോഗ ദിന പരിപാടികൾ സംഘടിപ്പിച്ചു. ആയുഷ് മന്ത്രാലയത്തിൻറെയും നാഷണൽ ഹെൽത്ത് മിഷൻ കേരളയുടെയും ആഭിമുഖ്യത്തിൽ മലപ്പുറത്ത് സംഘടിപ്പിച്ച ദിനാചാരണത്തെ കേന്ദ്ര സഹമന്ത്രി രാംദാസ് അഠാവലെ  അഭിസംബോധന ചെയ്തു. ടൂറിസം മന്ത്രാലത്തിൻറെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച പരിപാടിയിൽ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ പങ്കെടുത്തു. കൊച്ചി ബോൾഗാട്ടി പാലസ് ഇവൻറ് സെൻററിൽ നടന്ന അന്താരാഷ്ട്ര യോഗ ദിന പരിപാടിയെ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി അഭിസംബോധന ചെയ്തു. രാജ്ഭവനിൽ മേരായുവ ഭാരത് പ്രവർത്തകർക്ക് ഒപ്പം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ യോഗ ദിനാചരണത്തിൽ പങ്കെടുത്തു. ജില്ലകളിലുടനീളം വിവിധ സംഘടനകളുടെയും

സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ യോഗാഭ്യാസം സംഘടിപ്പിച്ചു.

&&&&&&&&&&&&&&&&&&

## വീണ ജോർജ്-സമ്പൂർണ യോഗ

കേരളത്തെ സമ്പൂർണ യോഗ സംസ്ഥാനമായി മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മന്ത്രി വീണാ ജോർജ്. ഇതിനു മുന്നോടിയായി മികച്ച പ്രവർത്തനങ്ങൾ നടത്തി സമ്പൂർണ യോഗ കൈവരിക്കുന്ന തദ്ദേശ സ്ഥാപനങ്ങളെ പ്രത്യേകമായി അംഗീകരിക്കുമെന്നും മന്ത്രി പറഞ്ഞു. തൃശൂരിൽ നടന്ന അന്താരാഷ്ട്ര യോഗ ദിനാചരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി. യോഗ ജനകീയമാക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് സംസ്ഥാനത്ത് 10,000 ത്തിലധികം യോഗ ക്ലബ്ബുകൾ സ്ഥാപിച്ചതെന്നും ശ്രീമതി വീണ ജോർജ് വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## ജോർജ്ജ് കുര്യൻ

കക്ഷിരാഷ്ട്രീയ ഭേദമന്യേ നാടിൻ്റെ വികസനത്തിനായി പ്രവർത്തിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾ ജനാധിപത്യത്തിന് മുതൽക്കൂട്ടാണെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. പത്തനംതിട്ട കവിയൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് നിർമ്മാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. പ്രധാൻമന്ത്രി ഗ്രാമീൺ സടക്ക് യോജനയുടെ ഭാഗമായി ശാസ്താങ്കൽ-മുറ്റിയപ്പള്ളി- ഉത്താനത്ത് പടി റോഡിൻ്റെ നിർമ്മാണ ഉദ്ഘാടനവും ശ്രീ ജോർജ് കുര്യൻ നിർവഹിച്ചു.

&&&&&&&&&&&&&&&&&&

## ഭരണഘടന- മുഖ്യമന്ത്രി

ഭരണഘടനാ നിർമാണസഭാ ചർച്ചകളുടെ മലയാള പരിഭാഷയുടെ ഒന്നാം വാല്യത്തിൻറെ പ്രകാശനം ചൊവ്വാഴ്ച നിയമസഭാ സമുച്ചയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഭരണഘടനാനിർമ്മാണസഭയെയും ഇന്ത്യയുടെ

RNUTVPM

സ്വാതന്ത്ര്യത്തിലേക്കുള്ള പ്രയാണത്തേയും കുറിച്ച് നിയമസഭാ മ്യൂസിയം ഒരുക്കുന്ന പ്രദർശനം സ്പീക്കർ എ.എൻ. ഷംസീർ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

**നിലമ്പൂർ - വോട്ടെണ്ണൽ**

നിലമ്പൂർ നിയമസഭാ മണ്ഡലത്തിലെ വോട്ടെണ്ണൽ മറ്റന്നാൾ രാവലെ എട്ടിന് ആരംഭിക്കും. ആദ്യം പോസ്റ്റൽ വോട്ടും തുടർന്ന് ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളിലെ വോട്ടും എണ്ണും. ചുങ്കത്തറ മാർത്തോമ ഹയർ സെക്കൻഡറി സ്കൂളിൽ സജ്ജീകരിച്ച സ്ട്രോങ് റൂമിൽ സായുധപൊലീസിന്റെ സുരക്ഷയിലാണ് ഇവിഎമ്മുകൾ സൂക്ഷിച്ചിരിക്കുന്നത്.

&&&&&&&&&&&&&&&&&&

**ഹെഡ് ലൈൻ - 4**

**തിരുവാതിര - ഞാറ്റുവേല**

ഞാറ്റുവേലകളെ അടിസ്ഥാനപ്പെടുത്തിയുള്ള പരമ്പരാഗത കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനത്താകെ നടപ്പിലാക്കുന്ന ഞാറ്റുവേല ചന്തയും കർഷകസഭകളും പദ്ധതിക്ക് നാളെ തുടക്കമാകും. ഏപ്രിൽ 14 മുതൽ ജൂലൈ 5 വരെ രണ്ടര മാസക്കാലയളവിലാണ് കാർഷിക പ്രാധാന്യമായുള്ള ഞാറ്റുവേലകൾ. കാർഷിക വിളകൾ നടുന്നതിനും വിത്ത് പാകുന്നതിനും ഈ കാലയളവ് വളരെ ഉത്തമമാണെന്ന് കരുതപ്പെടുന്നു. ഈ സമയത്ത് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ഞാറ്റുവേല ചന്തകൾ.

&&&&&&&&&&&&&&&&&&

**കാർഷിക സർവകലാശാല (ഇൻട്രോ)**

ചോക്ലേറ്റ് നിർമ്മാണത്തിനിടെ ബാക്കിയാവുന്ന കോക്കോ ഹസ്ക്കും പൾപ്പും പോഷകമൂല്യമുള്ള ഭക്ഷ്യ ഉൽപ്പന്നങ്ങളായി മാറ്റിയിരിക്കുകയാണ് കേരള കാർഷിക സർവകലാശാല.

RNUTVPM

കോക്കോ ഹസ്ക് കുക്കികളും READY TO SERVE പാനീയവുമാണ് വികസിപ്പിച്ചത്.

സംരംഭത്തിന് നേതൃത്വം നൽകിയ കാർഷിക സർവകലാശാല പ്രൊഫസർ & ഹെഡ്, കോക്കോ റിസർച്ച് സെന്റർ ഡോ. മിനിമോൾ ജെ.എസ് ആകാശവാണി വാർത്തകളോട്.....

(വോയിസ്)

&&&&&&&&&&&&&&&&&&&

## ലീഗൽ സർവ്വീസസ് സമ്മിറ്റ്

നിയമ സേവന സ്ഥാപനങ്ങൾ സർക്കാർ വകുപ്പുമായി കൈകോർത്ത് പ്രവർത്തിക്കേണ്ടത് കാലഘട്ടത്തിൻറെ ആവശ്യമാണെന്ന് ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ ജംധാർ. തിരുവനന്തപുരം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ലീഗൽ സർവ്വീസസ് സമ്മിറ്റ് 2025 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഗോത്ര വിഭാഗങ്ങൾ, ദുരിത ബാധിതർ, കുട്ടികൾ എന്നിവർക്ക് നീതി വൈകരുതെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്നത്തെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാം.

&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 3

## മന്ത്രി വി ശിവൻകുട്ടി

വിദ്യാർഥികൾ ജനാധിപത്യത്തെ അറിഞ്ഞു വളരണമെന്ന് മന്ത്രി വി ശിവൻകുട്ടി. കോഴിക്കോട് ജില്ലാ പഞ്ചായത്ത് സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെയും വിദ്യാലയങ്ങളെയും

RNU TVPM

ആദരിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഗവർണറുടെ അധികാരങ്ങളും കടമകളും സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&

**ഇടുക്കി (ഇൻട്രോ)**

പത്താം ക്ലാസ്, പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടിയിട്ടും സാമ്പത്തിക പ്രതിസന്ധി മൂലം തുടർ പഠനത്തിന് സാധിക്കാത്ത വിദ്യാർഥികൾക്ക് കൈത്താങ്ങാകാൻ 'പർസ്യൂട്ട് ഓഫ് ഹാപ്പിനസ്' പദ്ധതിയുമായി ഇടുക്കി ജില്ലാ ഭരണകൂടം.
ഇടുക്കിയിൽ നിന്നും ആകാശവാണി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.

(ഹോൾഡ് വോയ്സ്...........)

&&&&&&&&&&&&&&&&&&&

**ഹെഡ് ലൈൻ - 3**

**ജി. ആർ അനിൽ**

പൊതുവിദ്യാഭ്യാസ മേഖലയിൽ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ രാജ്യത്തിന് മാതൃകയെന്ന് മന്ത്രി ജി ആർ അനിൽ. നമ്മുടെ നാട് മറ്റെന്തിനെക്കാളും വിദ്യാഭ്യാസ മേഖലയ്ക്ക് പ്രാധാന്യം നൽകുന്നുണ്ടെന്നും 10, 12 ക്ലാസുകളിൽ ഉന്നത വിജയം നേടിയ വിദ്യാർഥികളെ അനുമോദിക്കാൻ തിരുവനന്തപുരത്ത് പെൻഷൻ ഭവനിൽ വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡ് സംഘടിപ്പിച്ച ചടങ്ങ് ഉദ്ഘാടനം ചെയ്യവെ മന്ത്രി പറഞ്ഞു. കേരളത്തിൽ ഇന്ന് കാണുന്ന സാമൂഹിക പുരോഗതിയുടെ അടിസ്ഥാനം വിദ്യാഭ്യാസ രംഗത്തെ മികവുകൊണ്ടാണെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

**മന്ത്രി ഒ ആർ കേളു**

സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഭൂമിയുറപ്പാക്കുമെന്ന് മന്ത്രി ഒ ആർ കേളു.
കാസർഗോഡ് പനത്തടി ഗ്രാമപഞ്ചായത്തിലെ പ്രകൃതി

RNU TVPM

ദുരന്തബാധിത പ്രദേശത്ത് പട്ടികവർഗ്ഗ വികസന വകുപ്പ് പത്ത് കുടുംബങ്ങൾക്ക് വേണ്ടി നിർമ്മിച്ച ഭവനങ്ങളുടെ താക്കോൽദാനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. പട്ടയം നൽകൽ, അദാലത്ത് തുടങ്ങിയ നടപടികളിലൂടെ എല്ലാ വിഭാഗം ജനങ്ങളുടെയും ഭൂമി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 5

**മഴ**

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്.

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 6

**ടെസ്റ്റ് ക്രിക്കറ്റ്**

ലീഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ഒന്നാം ഇന്നിംഗ്സിൽ ഇന്ത്യയ്ക്ക് മികച്ച സ്കോർ. 3 വിക്കറ്റ് നഷ്ടത്തിൽ 359 റൺസ് എന്ന നിലയിൽ ഇന്ന് ഒന്നാം ഇന്നിംഗ്സ് പുനരാരംഭിച്ച ഇന്ത്യ പത്ത് വിക്കറ്റ് നഷ്ടത്തിൽ 471 റൺ നേടി. ഓപ്പണർ യശസ്വി ജയ്സ്വാൾ, ക്യാപ്റ്റൻ ശുഭ് മാൻ ഗിൽ, റിഷഭ് പന്ത് എന്നിവരുടെ സെഞ്ച്വറി മികവിലാണ് സ്കോർ 400 കടന്നത്.

&&&&&&&&&&&&&&&&&&

**മൃതദേഹം കണ്ടെത്തി**

തമിഴ്നാട് വാൽപ്പാറയിൽ പുലി പിടിച്ച നാലു വയസ്സുകാരിയുടെ മൃതദേഹം കണ്ടെത്തി. ലയത്തിൽ നിന്ന് 300 മീറ്റർ അകലെയാണ് മൃതദേഹം കണ്ടെത്തിയത്. വീട്ടുമുറ്റത്ത് കളിച്ചുകൊണ്ടിരുന്ന കുട്ടിയെ ഇന്നലെ വൈകിട്ടാണ് പുലി ആക്രമിച്ചത്.

RNI TVPM

&&&&&&&&&&&&&&&&&&

**മന്ത്രി കെ രാജൻ**

സംസ്ഥാനത്ത് ഡിജിറ്റൽ റവന്യൂ കാർഡുകൾ ഈ വർഷം നവംബറിൽ വിതരണം ചെയ്തു തുടങ്ങുമെന്ന് മന്ത്രി കെ. രാജൻ. എ.ടി.എം. കാർഡിൻറെ വലിപ്പത്തിൽ ക്യു.ആർ. കോഡും പത്തക്ക ഡിജിറ്റൽ നമ്പറും ഉൾപ്പെടുന്ന കാർഡാണ് ഓരോ കുടുംബത്തിനും നൽകുന്നത്. ഭൂമി, കെട്ടിടങ്ങൾ, ക്രയവിക്രയങ്ങൾ തുടങ്ങിയ വിവരങ്ങൾ ഈ സ്മാർട്ട് കാർഡിൽ രേഖപ്പെടുത്തും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

RNU TVPM